4

# യേശുവിനെ സംരക്ഷിക്കൽ

## (2:13- 23)

ഒരു ദൂതൻ വന്ന് അവരോട് യെരുശലേമിലേക്ക് മടങ്ങി പോക എന്നു പറയുന്നതുവരെ യോസേഫും മറിയയും "ശിശുവിന്റെ" സംരക്ഷണത്തിനായി അവർ എങ്ങനെ മിസ്രയിമിലേക്ക് പോയി എന്ന ആവേശകരമായ സംഭവം മത്തായി വിവരിക്കുന്നു.

### മിസ്രയിമിലേക്കുള്ള ഓടിപ്പോക്ക് (2:13-15)

**13അവർ പോയശേഷം കർത്താവിന്റെ ദൂതൻ യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി, "നീ എഴുന്നേറ്റു ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട്, മിസ്രയിമിലേക്ക് ഓടി പോയി, ഞാൻ നിന്നോട് പറയുംവരെ അവിടെ പാർക്കുക; ഹെരോദാവ് ശിശുവിനെ നശിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു" എന്നു പറഞ്ഞു.**
**14അവൻ എഴുന്നേറ്റു ശിശുവിനേയും അമ്മയേയും രാത്രിയിൽ തന്നെ കൂട്ടിക്കൊണ്ട് മിസ്രയിമിലേക്ക് പുറപ്പെട്ടു പോയി. ഹെരോദാവിന്റെ മരണത്തോളം അവൻ അവിടെ പാർത്തു. "മിസ്രയിമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചു വരുത്തി" എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചയ്തതു നിവർത്തിയാകുവാൻ സംഗതി വന്നു.**

**വാക്യം 13.** വിദ്വാന്മാർ പുറപ്പെട്ടുപോയശേഷം, **യോസേഫിനു സ്വപ്നത്തിൽ ദൂതന്റെ** മുന്നറിയിപ്പുണ്ടായി ... മറിയയേയും ശിശുവായ യേശുവിനേയും കൂട്ടി **മിസ്രയിമിലേക്ക്** ഓടി പോകുക. ഹെരോദാവിൽ നിന്നു ശിശുവിനെ എത്ര ദൂരെ എത്തിക്കാമോ, അതായിരുന്നു ഉദ്ദേശം, അതായത് അവന്റെ അധികാരത്തിൻകീഴിലുള്ള പ്രദേശത്തുനിന്നു മാറ്റുവാനായിരുന്നു ആ നിർദ്ദേശം. ബേത്ലഹേമിൽനിന്നു മിസ്രയിമിന്റെ അതിർത്തി പ്രദേശത്തേക്ക് എഴുപത്തി - യഞ്ചു മൈൽ ദൂരമുണ്ടായിരുന്നു. ഹെരോദാവിന്റെ അധികാര പരിധി മിസ്രയിം നദി വരെയായിരുന്നു. ഡെൽറ്റാ പ്രദേശവും നൈൽ നദി വരെയും എത്തുവാൻ പിന്നെയും 125 മൈൽ പോകണമായിരുന്നു.

അന്ന് മിസ്രയിം, റോമാക്കാരുടെ അധീനതയിലായിരുന്നു. അസംഖ്യം യെഹൂദന്മാരും ധാരാളം പള്ളികളും അവിടെയുണ്ടായിരുന്നു (പ്രവൃത്തികൾ 2:5, 10; 6:9; 18:24). ഏ. ഡി. 40-ൽ മിസ്രയിമിലെ അലെക്സാൺഡ്രിയയിൽ ജീവിച്ചിരുന്ന തത്വചിന്തകനായിരുന്ന ഫിലോ എഴുതിയത്, മിസ്രയിമിൽ അന്നു ഒരു ദശലക്ഷം യെഹൂദന്മാരുണ്ടായിരുന്നു എന്നാണ്.[1] പുരാതന ലോകത്തെ ഏറ്റവും വലിയ വായനശാല അലക്സാൺഡ്രിയയിലുണ്ടായിരുന്നു, അവിടെ വെച്ചായിരുന്നു സെപ്ത്വജിന്റ് (LXX) തർജിമ ചെയ്തത്. യോസേഫ് അവിടെ സ്വന്തജനത്തോടുകൂടെ ആയിരുന്നുവെങ്കിലും, ഹെരോദാവിന് എത്താവുന്നതിനപ്പുറമായിരുന്നു. ബൈബിൾ രേഖ അനുസരിച്ച് ആ സമയത്തു മാത്രമാ

യിരുന്നു യേശു പാലസ്തീനു പുറത്തു താമസിച്ചത്.

അവിടെനിന്നു **വിട്ടുപോകുവാൻ** ദൈവം പറഞ്ഞിട്ടല്ലാതെ പോകരുത് എന്ന നിർദ്ദേശവും യോസേഫിനു ലഭിച്ചിരുന്നു. അതിനുള്ള കാരണവും യോസേഫിനെ അറിയിച്ചിരുന്നു: **ഹെരോദാവ് ശിശുവിനെ നശിപ്പി** [ക്കേണ തിന്] **അവനെ അന്വേഷിച്ചി** [രുന്നു] .

**വാക്യം 14**. കൂടുതൽ മുൻകരുതലിനായി, ആ **രാത്രിയിൽ** തന്നെ കുടും ബത്തെയും കൂട്ടി **മിസ്രയിമിലേക്കു** പോയി. **യോസേഫ്** സ്വപ്നം കണ്ട ഉടനെ പ്രതികരിച്ചതായി പറയുന്നത് സൂചിപ്പിക്കുന്നത് അവൻ ദൈവത്തെ അനുസരിച്ചുകൊണ്ടേയിരുന്നു എന്നാണ് (1:18-25; 2:13-15, 19-23). ലിയോൺ മോറിസ് പറഞ്ഞു, "ആ ചെറിയ സാധു കുടുംബത്തിന് യാത്രക്കു ഒരുങ്ങു വാൻ വലിയ വിഷമമുണ്ടായിരുന്നില്ല, സ്വപ്നം ഉടൻ യാത്ര ചെയ്യേണ്ടതിന്റെ അത്യാവശ്യത്തെ ബോധ്യമാക്കുകയും ചെയ്തു."[2]

**വാക്യം 15. ഹെരോദാവിന്റെ മരണം വരെ** ആ കുടുംബം മിസ്രയിമിൽ **താമസിച്ചു**. ചരിത്രമനുസരിച്ച്, അവന്റെ മരണം സംഭവിച്ചത് ബി. സി. 4 മാർച്ച് അവസാനമോ ഏപ്രിൽ ആദ്യമോ ആകാം (2:19 ന്റെ പരാമർശം നോക്കുക). വാസ്തവത്തിൽ ആ കുടുംബം മിസ്രയിമിൽ ചെലവഴിച്ചത്, ചുരുങ്ങിയ സമ യം, ഏതാണ്ട് രണ്ട് മാസത്തോളമായിരിക്കാം.

മിസ്രയിമിലേക്കുള്ള യേശുവിന്റെ പോക്കും തിരിച്ചുവരവും ഹോശേയാ വിന്റെ വാക്കുകളുടെ നിവർത്തീകരണമായിരുന്നു എന്നാണ് മത്തായി പറ ഞ്ഞത്: **"മിസ്രയിമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചു വരുത്തി"** (ഹോശേ. 11:1). ആരംഭത്തിൽ ഇതു യിസ്രായേലിനെ മിസ്രയിം അടിമത്വത്തിൽനി ന്നു വിളിച്ചു കൊണ്ടുവന്നതിനെ കുറിച്ച് ഹോശേയാവിനു ദൈവം നൽകിയ വചനമായിരുന്നു (പുറ. 12:40-51). നിഴലും/ പൊരു-ളും എന്ന രീതിയാണ് മത്തായി ഉപയോഗിച്ചത്. ജെ. ഡബ്ലിയു. മെക്കാർവേ വിവരിച്ചു, "ആ വാക്കു കൾ മത്തായി യേശുവിനായി ഉപയോഗിക്കുമ്പോൾ, നിഴലും പൊരുളുമായി ട്ടാണ് പറഞ്ഞിരിക്കുന്നത്."[3]

ഡൊണാൾഡ് ഏ. ഹാഗ്നെർ പുറപ്പാട് എടുത്തു അത് യിസ്രായേലിനു ം യേശുവിനും "വീണ്ടെടുപ്പു ചരിത്രനിമിഷങ്ങളായിരുന്നു" എന്നു പറഞ്ഞി രിക്കുന്നു. അവൻ പറഞ്ഞു, "അതു വലിയ ഒന്നിന്റെ തുടർച്ചയായി, രണ്ടും ബന്ധപ്പെട്ടിരിക്കുന്നു; ആദ്യത്തേത് മുൻനിഴലായും, പിന്നത്തേത് പൊരുളായും തീരുന്നു, ആദ്യത്തേത് രണ്ടാമത്തേതിലൂടെ തിരിച്ചറിയുകയും നിറവേറുകയു മാണ് ചെയ്യുന്നത്."[4] അതുകൊണ്ട്, യേശു യിസ്രായേലിന്റെ കഷ്ടതകളിലും വിജയങ്ങളിലും പങ്കുകാരനാകുന്നു. രണ്ടിലും, നയിക്കുകയും സംരക്ഷിക്കു കയും ചെയ്യുന്നത് ദൈവമാകുന്നു.

ഹോശേയാവിന്റെ പ്രസ്താവനയെ കുറിച്ച് ഡഗ്ലസ് ആർ. ഏ. ഹെയർ ഈ ഉൾക്കാഴ്ച്ച നൽകിയിരിക്കുന്നു (ഹോശേ. 11:1):

> ... അതു മുൻപോട്ടും പുറകോട്ടും നോക്കിയിരിക്കുന്നു. യേശുവിന്റെ ആവിർഭാവം പോലെ അതു ഒരു പുതിയ ഉൽപത്തിയായിരുന്നു [1:1, 18], അതുപോലെ തന്നെയായിരുന്നു പുറപ്പാടും: "അവരെ വിളിക്കുന്തോറും അവർ വിട്ടകന്നുപോയി ബാൽ വിഗ്രഹങ്ങൾക്ക് അവർ ബലി കഴിച്ചു" (ഹോശേ. 11:2). യേശു എന്ന വ്യക്തിയെ യിസ്രായേലായി പ്രതിനിധീ കരിച്ചിരിക്കുകയാണ്, എന്നാൽ ഒരു പ്രത്യേക രീതിയിൽ, യിസ്രായേ

ലിന്റെ അനുസരണക്കേടിനു, അനസരണം കാണിച്ച്കൊടുത്ത് "എന്റെ മകൻ" എന്ന് ദൈവം അവനെ വിളിച്ചിരിക്കയാൽ അവൻ ആരാധനക്കു യോഗ്യനായി തീർന്നിരിക്കുന്നു.[5]

## ഹെരോദാവിന്റെ കോപം (2:16-18)

**[16]വിദ്വാന്മാർ തന്നെ കളിയാക്കി എന്നു ഹെരോദാവ് കണ്ടു വളരെ കോപിച്ചു; വിദ്വാന്മാരോട് ചോദിച്ചറിഞ്ഞ കാലത്തിന്നു ഒത്തവണ്ണം രണ്ടു വയസും താഴെയുമുള്ള ആൺകുട്ടികളെ ഒക്കെയും ബേത്‌ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും ആളയച്ചു കൊല്ലിച്ചു. [17]പിന്നെ യിരെമ്യാ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയായി:**

> [18]"രാമയിൽ ഒരു ശബ്ദം കേട്ടു. കരച്ചിലും വലിയ നിലവിളിയും തന്നെ. റാഹേൽ മക്കളെ ചൊല്ലി കരഞ്ഞു, അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസില്ലാതിരുന്നു."

**വാക്യം 16. വിദ്വാന്മാർ** താൻ പറഞ്ഞതുപോലെ മടങ്ങി വരാതെ തന്നെ **കളിയാക്കിയപ്പോൾ ഹെരോദാവിനു അതിയായ കോപം ഉണ്ടായി**. "ട്രിക്ക്ഡ്" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്കിന്റെ (*എംപാരിസോ*) അർത്ഥം കളിയാക്കുക അല്ലെങ്കിൽ ആരെയെങ്കിലും പരിഹസിക്കുക എന്നാണ്. വിദ്വാന്മാരുടെ ഉദ്ദേശം അതായിരുന്നില്ലെങ്കിലും, അവർ തന്നെ കളിയാക്കി എന്നാണ് ഹെരോദാവ് വിചാരിച്ചത് (2:8, 12 നോക്കുക). അവനു തന്റെ നിയന്ത്രണം വിട്ടുപോയി. വിദ്വാന്മാർ തന്നെ കളിയാക്കിയതായി കണ്ടിട്ട് അവൻ തന്റെ കോപം പകരം വീട്ടുന്നതിലേക്ക് തിരിഞ്ഞു. അങ്ങനെ **രണ്ടു വയസിലും താഴെയുമുള്ള** ശിശുക്കളെയെല്ലാം കൊല്ലുവാൻ കൽപന പുറപ്പെടുവിച്ചു. എന്തുകൊണ്ട് ആ പ്രത്യേക പ്രായം? വിദ്വാന്മാർ പറഞ്ഞ വിവരമനുസരിച്ച് കണക്കു കൂട്ടിയ പ്രകാരമായിരുന്നു ആ പ്രായത്തിലുള്ള നിരപരാധികളെ കൊല്ലുവാൻ തീരുമാനിച്ചത് (2:7). ശരിയായ ശിശുവിനെ നശിപ്പിച്ചു എന്നു ഉറപ്പുവരുത്തുവാനായിരുന്നു അതിൽ അടങ്ങിയിരുന്ന പദ്ധതി.

**ബേത്‌ലഹേമിലും** അതിന്റെ അതിരുകളിലുമുള്ള **ആൺകുട്ടികളെ** കൊന്നുകളയുവാനായിരുന്നു ഹെരോദാവ് കൽപിച്ചത്. ആ കൽപന അങ്ങനെ തന്നെ നടപ്പാക്കുകയും ചെയ്തു. നിരപരാധിയായ ഒരു കുഞ്ഞിനെ കൊല്ലുന്നതുപോലും സങ്കടകരമാണ്, അപ്പോൾ കുറെ ശിശുക്കളെ കൊല്ലുക എന്നത് നമുക്ക് ആലോചിക്കുന്നതു തന്നെ പ്രയാസം. പിന്നെ എന്തുകൊണ്ട് ജോസെഫസ് തുടങ്ങിയ മറ്റു എഴുത്തുകാർ ഇതിനെ കുറിച്ച് എഴുതിയില്ല? അതു ഒരുപക്ഷെ താരതമ്യേന വളരെ കുറച്ചു ശിശുക്കളായിരിക്കാം കൊല്ലപ്പെട്ടത്. രണ്ടാമത്തെ സാധ്യത, ഹെരോദാവിന്റെ മറ്റു ക്രൂരത്വങ്ങളെ നോക്കുമ്പോൾ ഇതു വളരെ നിസാരമായ പ്രവൃത്തിയായി കണ്ടിരിക്കാം.

ദൈവത്തോടുള്ള പ്രതിരോധത്തിൽ ഹെരോദാവ് ധിക്കാരിയായിരുന്നു. ഈ സംഭവത്തിന്റെ ആദ്യം "മശിഹ എവിടെയാണ് ജനിക്കുന്നതെന്ന്" അവൻ മതാദ്ധ്യക്ഷന്മാരോട് ചോദിച്ചു (2:4). അതേ മശിഹയെയാണ്, അഭിഷിക്തനായ കർത്താവിനെയാണ് അവൻ കൊല്ലുവാൻ ശ്രമിച്ചത്! മിസ്രയിമിൽ ജനി

ച്ച എല്ലാ യെഹൂദ പ്രജകളെയും നശിപ്പിക്കുവാൻ ശ്രമിച്ച ഫറവോനോട് ഹെരോദാവിനെ ഉപമിക്കാം (പുറ. 1:15, 16, 22). എങ്ങനെയായാലും തന്റെ നീതിമാന്മാരായ മാതാപിതാക്കളാൽ, മോശെയെ ദൈവം സംരക്ഷിച്ചു (പുറ. 2:1–10; എബ്രാ. 11:23) – യേശുവിന്റെ സംരക്ഷകരായി യോസേഫിനേയും മറിയയേയും ഉപയോഗിച്ചതുപോലെയായിരുന്നു അത്.[6] നിരപരാധികളായ ശിശുക്കൾ രണ്ടു സംഭവത്തിലും കൊല്ലപ്പെട്ടുവെങ്കിലും, ജനത്തെ വിടുവിക്കുവാനായി മോശെയെയും യേശുവിനെയും ദൈവം സംരക്ഷിച്ചു. യേശുവിന്റെ സംഭവത്തിൽ, മെക്കാർവേ ചൂണ്ടിക്കാട്ടി, “എല്ലാവരുടേയും രക്ഷക്കായി മരിപ്പാൻ വന്നവന്റെ സംരക്ഷണത്തിനായിട്ടത്രെ ബേത്‌ലഹേമിലെ ശിശുക്കൾ മരിച്ചത്.”[7]

**വാക്യം 17. പിന്നെ യിരെമ്യാ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിറവേറി.** സാധാരണ മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന ഒന്നുകിൽ (*ഹിനാ*) അല്ലെങ്കിൽ (*ഹോപോസ്*) ഉദ്ദേശമോ നിറവേറൽ സിദ്ധാന്തമോ ഈ വാക്യത്തിൽ കാണുന്നില്ല.ആ വാക്കുകൾ “ഇൻഓർഡർ ദാറ്റ്” എന്നോ “സോ ദാറ്റ്” എന്നോ തർജിമ ചെയ്യാം. ഏഎസ്‌വിയിൽ യോജിപ്പിക്കുന്ന വാക്കുകളെ “ദാറ്റ് മൈറ്റ് ബി ഫുൾഫിൽഡ്” എന്നാണ് പറഞ്ഞിരിക്കുന്നത് (1:22; 2:15, 23; 4:14; 8:17; 12:17; 13:35; 21:4; 26:56; എംഫസിസ് ആഡഡ്). ഹാഗ്നെർ പിന്നെയും പറഞ്ഞു,

> 27:9–10 ഒഴിച്ച് മറ്റുള്ളവയിലെല്ലാം … മറ്റു ഫോർമുലയാണ്, ദുഷ്ടതയെ കാണിക്കുന്ന സൂചനയാണ് മറ്റു ഉദ്ധരണി നൽകുന്നത് (യൂദയുടെ ഒറ്റിക്കൊടുക്കൽ ദ്രവ്യം). ദൈവത്തിനായി തിന്മയെ എടുത്തുകാണിക്കുന്ന മത്തായിയുടെ രീതിയാണ് അതു കാണിക്കുന്നത് എന്നു തോന്നുന്നു. മത്തായിയുടെ കാഴ്ചപ്പാട് അനുസരിച്ച്, ദൈവകരുണ തിന്മയെ മറികടക്കുന്നതാണ് ദൈവ കൃപ.[8]

**വാക്യം 18.** യിരെമ്യാവ് 31:15 മത്തായി ഉദ്ധരിച്ചത് കാണിക്കുന്നത്, പ്രവാചകന്റെ കാലത്തു സംഭവിച്ചതും നിരപരാധികളെ കൊല്ലുന്നതും ചേർത്തു മനസിലാക്കണമെന്നാണ്:

> **“രാമയിൽ ഒരു ശബ്ദം കേട്ടു**
> **കരച്ചിലും വലിയ നിലവിളിയും തന്നെ**
> **റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു**
> **അവർ ഇല്ലായ്കയാൽ ആശ്വാസം**
> **കൈക്കൊൾവാൻ മനസില്ലാതിരുന്നു.”**

മത്തായി ഉപയോഗിച്ച ഈ വാക്കുകൾ നിഴൽ/പൊരുൾ എന്ന രീതിയിലോ അല്ലെങ്കിൽ പ്രവചനത്തിന്റെ ഇരട്ട-നിറവേറലായിട്ടോ ആണ്.

ബെന്യാമിന്റെ പ്രദേശമായിരുന്ന യെരുശലേമിൽനിന്നും അഞ്ചു മൈൽ വടക്കായി സ്ഥിതി ചെയ്തിരുന്ന ഒരു ടൗണായിരുന്നു “രാമ.” (യോശു.18:25). താഴെ കൊടുത്തിരിക്കുന്ന വസ്തുതകളുമായി ബന്ധപ്പെട്ടിരിക്കയാലാണ്, അതിന് – “റാഹേൽ,” “കരച്ചിൽ,” “മക്കൾ,” എന്നിവയുമായി ഈ സന്ദർഭത്തിൽ ബന്ധമുള്ളതാകുന്നത്: (1) യാക്കൊബും കുടുംബവും തെക്കോട്ട് യാത്ര ചെയ്തു (രാമയിലേക്ക്) ബെഥേലിൽനിന്നു ബേത്‌ലഹേമിലേക്കു യാത്ര

ചെയ്തപ്പോൾ അവന്റെ പ്രിയ ഭാര്യ റാഹേൽ പ്രസവത്തോടുകൂടി മരിച്ചുപോയി. അവൾ അവന് "ഏന്റെ ദുഃഖപുത്രൻ" ബെനോ-യി എന്നു പേരിട്ടു, എന്നാൽ യാക്കോബ് അവന് "[എന്റെ] വലത്തു കയ്യുടെ പുത്രൻ," ബെന്യാമിൻ എന്നു പേരിട്ടു. റാഹേലിന്റെ കല്ലറ രാമക്ക് അടുത്തായിരുന്നു (ഉൽപ. 35:16–18; 48:7; 1 ശമു. 10:2). (2) യിസ്രായേൽ രാജ്യം വിഭജിക്കപ്പെട്ടപ്പോൾ, ബെന്യാമിൻ ഗോത്രം യെഹൂദ്യയോടുകൂടെ ചേർന്നിരുന്നു (1 രാജാ. 12:21, 23). പിന്നീട് അവരെ ബാബേൽ പ്രവാസികളായി കൊണ്ടുപോയി[9] (1:11 ന്റെ പരാമർശം നോക്കുക). പ്രവാസത്തിലേക്ക് പോയ യെഹൂദന്മാരെല്ലാം റാഹേലിന്റെ കല്ലറ വഴിയാണ് പോയിരിക്കുവാൻ സാധ്യത (യിരെ. 40:1). (3) യിസ്രായേലിൽ ആരുടെയെങ്കിലും മക്കൾ കൊല്ലപ്പെടുകയോ പ്രവാസത്തിലേക്ക് കൊണ്ടുപോകയോ ചെയ്യുമ്പോൾ കരയുന്ന അമ്മമാർ റാഹേലിനെ ആലങ്കാരികമായി യിരെമ്യാവ് ഉപയോഗിച്ചിരുന്നു.

റാഹേൽ മക്കളെ ചൊല്ലി കരഞ്ഞത് ആലങ്കാരികമായി ഓർപ്പിക്കുന്നതായിരുന്നു ബാബേലിലേക്ക് നാടുകടത്തി പ്രവാസികളായി മക്കളെ കൊണ്ടുപോയപ്പോൾ അമ്മമാർ കരഞ്ഞത്, അതേപോലെ തന്നെയായിരുന്നു ഹെരോദാവ് ആൺകുട്ടികളെ കൊന്നപ്പോൾ അവരുടെ അമ്മമാർ തങ്ങളുടെ മക്കളെ ചൊല്ലി കരഞ്ഞതും. "പ്രവാചകന്റെ വിവരണത്തിന് ഊന്നൽ കൊടുക്കുന്നതാണ് റാഹേൽ എന്ന പേരിന്റെ അർത്ഥം ('ഈവ്'). രാമയിൽ ഈവിന്റെ കരച്ചിൽ അവൻ കേട്ടു (അക്ഷരികമായി മല-മുകളിൽ) ആടുകൾക്കായുള്ള കരച്ചിൽ."[10] മത്തായിയുടെ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന കരച്ചിൽ, ക്രിയാത്മകമായ അന്ത്യത്തെ സൂചിപ്പിക്കുന്നതാണ്. ഹെയർ നിരീക്ഷിച്ചു, "റാഹേലിനെ കുറിച്ചുള്ള അതിശയകരമായ അരുളപ്പാട്, എങ്ങനെയായാലും, ഭാവിയെ കുറിച്ചുള്ള പ്രത്യാശ നൽകുന്നതാണ്, പുതിയ ഉടമ്പടിയിലെ വാഗ്ദാനവും (യിരെ. 31:31–34). മത്തായി ഒരുപക്ഷെ ആ ബന്ധങ്ങൾ ഉണർത്തുന്നതിനായിരിക്കാം രാമയെ എടുത്തു പറഞ്ഞത്."[11]

## നസറേത്തിലേക്കു മടങ്ങി വരുന്നു (2:19-23)

**19എന്നാൽ ഹെരോദാവ് ഒഴിഞ്ഞുപോയശേഷം, കർത്താവിന്റെ ദൂതൻ മിസ്രയിമിൽ വെച്ചു യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി. ശിശുവിന്നു പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ട്, 20"നീ എഴുന്നേറ്റു ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തേക്കു പോക എന്നു പറഞ്ഞു. 21അവൻ എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തു വന്നു. എന്നാൽ യെഹൂദ്യയിൽ അർക്കെലയൊസ്22 തന്റെ അപ്പനായ ഹെരോദാവിന്നു പകരം വാഴുന്നു എന്നു കേട്ടതുകൊണ്ട്, അവിടെ പോകുവാൻ ഭയപ്പെട്ടു. സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു ഗലീലാ പ്രദേശങ്ങളിലേക്ക് മാറിപ്പോയി."23 "അവൻ നസറായൻ എന്നു വിളിക്കപ്പെടും" എന്നു പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതു നിവർത്തിയാകുവാൻ തക്കവണ്ണം നസറേത്ത് എന്ന സ്ഥലത്തു ചെന്നു പാർത്തു.**

**വാക്യം 19.** കുറച്ചു കഴിഞ്ഞ്, **മിസ്രയിമിൽ വെച്ച് യോസേഫിന് ദൂതൻ**

**സ്വപ്നത്തിൽ** പ്രത്യക്ഷനായി. **ഹെരോദാവ് മരിച്ചപ്പോഴായിരുന്നു** ആ പ്രത്യക്ഷത സംഭവിച്ചത്. മഹാനായിരുന്ന ഹെരോദാവ് മരിച്ച സാഹചര്യത്തെ കുറിച്ച് എച്ച്. ലിയോ ബോൾസ് പറഞ്ഞു:

> റോം പണിതു 750 വർഷം ആയപ്പോൾ പെസഹക്കുമുൻപ് യെരിഹോവിൽ വെച്ച് ഹെരോദാവ് മരിച്ചു, നാം കണക്കു കൂട്ടിയ [ബി. സി. 4] നുനാല് വർഷം മുൻപ്. ആ വർഷം പെസഹ വന്നത് ഏപ്രിൽ 12 നാണ്, പെസഹ വരുന്നതിനു പതിനാല് ദിവസം മുൻപായിരുന്നു ഹെരോദാവ് മരിച്ചത്.[12]

മുപ്പത്തി-മൂന്നര വർഷത്തെ ഭരണത്തിനുശേഷം, മരിച്ചപ്പോൾ ഹെരോദാവിനു എഴുപതു വയസായിരുന്നു. ജോസെഫസ് പറഞ്ഞതനുസരിച്ച് ഹെരോദാവിന്റേത് അതി ഭയങ്കരമായ മരണമായിരുന്നു. കുടൽമാലയിലെല്ലാം വ്രണബാധയേറ്റു, ആന്തരികാവയങ്ങളിലെല്ലാം പുഴു-നിറഞ്ഞിരിക്കുകയും, നിരന്തരമായ അപസ്മാരമുണ്ടാകയും ചെയ്തു, ശ്വാസം വിടുമ്പോൾ ദുർ-ഗന്ധം വമിക്കുകയും[13] ചെയ്തിരുന്നു എന്നാണ് ആ വിവരണത്തിൽ പറയുന്നത്. അത് ലോകത്തെ അധികവും കുഴപ്പത്തിലാക്കിയ മനുഷ്യനു യോജിച്ച ഒരു അന്ത്യമായിരുന്നു.

താൻ മരിക്കുമ്പോൾ യെഹൂദന്മാർ കരയുന്നതിനുപകരം സന്തോഷിക്കുമെന്ന് ഹെരോദാവിന് അറിയാമായിരുന്നു. അക്കാരണത്താൽ, എല്ലാ യെഹൂദ മതാദ്ധ്യക്ഷന്മാരെയും യെരിഹോവിലെ ഹിപ്പോഡ്രോമിൽ തടവിലാക്കുവാൻ കൽപിച്ചു. അവർക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകുവാനും ഏർപ്പാട് ചെയ്തിരുന്നു, പക്ഷെ അവന്റെ മരണം പ്രഖ്യാപിക്കുന്ന സമയത്ത് അവരെയെല്ലാം കൊല്ലുവാനും കൽപിച്ചിരുന്നു. എങ്ങനെയായാലും, അവന്റെ ഭീകരമായ ആ പദ്ധതി പ്രാവർത്തികമായില്ല. യെഹൂദ മതാദ്ധ്യക്ഷർക്ക് മരണശിക്ഷ നടപ്പാക്കേണ്ടവരായ, ഹെരോദാവിന്റെ സഹോദരി ശലോമിയും അവളുടെ ഭർത്താവ് അലെക്സാസും അതിനു പകരം അവരെ വിട്ടയക്കുകയാണ് ചെയ്തത്. ഹെരോദാവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തിയതിന് - അവൻ മരിക്കുന്നതിനു അഞ്ചു ദിവസം മുൻപ്, റോമിന്റെ അനുവാദത്തോടെ - അവന്റെ മകനായ ആന്റിപാറ്ററിനെ കൊല്ലിച്ചതതായിരുന്നു അവന്റെ അവസാനത്തെ കൊലപാതകം.[14]

മഹാനായ ഹെരോദാവ് മരിച്ചപ്പോൾ, അവന്റെ മക്കളിൽ ഒരാളായ അർക്കലെയാസ്, തന്റെ അപ്പന് രാജോചിതമായ സംസ്ക്കാരം നടത്തണമെന്ന വിചാരത്താൽ, മൃതശരീരം, രക്താംബരം ചുറ്റി, സ്വർണ്ണകിരീടം തലയിൽ അണിയിച്ച്, കയ്യിൽ ഒരു ചെങ്കോലും വെച്ചു കൊടുത്തു. അവന്റെ ശരീരം വെച്ച ശവമഞ്ചം സ്വർണ്ണഖജിതവും വിവിധങ്ങളായ വിലയേറിയ കല്ലുകളാൽ അലംകൃതവുമായിരുന്നു. ശവമഞ്ചത്തെ അനുഗമിച്ച് കുടുംബാംഗങ്ങളും, വേർതിരിക്കപ്പെട്ട പടയാളികളും, പിന്നിൽ അവന്റെ സൈന്യം മുഴുവനും യെരിഹോവിൽനിന്നു ഹെരോദിയത്തിലേക്ക് കൊണ്ടുപോയി. അഞ്ഞൂറു ഭൃത്യന്മാർ സുഗന്ധതൈലം തളിച്ചുകൊണ്ടിരുന്നു. ആ സ്ഥലം ബേത്ലഹേമിനു മൂന്നു മൈൽ അകലെ തെക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്നു.[15] ഹെരോദാവിന്റെ ആഡംബര കോട്ടകളിൽ ഒന്നായിരുന്നു അത്. അനേകം വർഷങ്ങൾക്ക് ശേഷം ആ സ്ഥലം കുഴിച്ചപ്പോൾ, യിസ്രായേല്യ ഭൂഗർഭശാസ്ത്രജ്ഞർ ഹെരോദാവിന്റെ

പ്രേതക്കല്ലറപ്പെട്ടി കണ്ടെടുത്തതായി അവകാശപ്പെടുന്നു. എങ്ങനെയായാലും, പുരാതനകാലത്ത്, വിലപിടിപ്പുള്ളതെല്ലാം അപഹരിക്കപ്പെട്ടു, ശവക്കല്ലറ പോളിഞ്ഞുപോകയും അസ്ഥികൂടം നീക്കം ചെയ്കയും ചെയ്തതായി അവകാശപ്പെടുന്നു.

**വാക്യം 20. യിസ്രായേൽ ദേശത്തേക്ക്** മടങ്ങി പോകുവാനായിരുന്നു ദൂതൻ യോസേഫിനോട് പറഞ്ഞത്. ദൂതൻ പിന്നെയും പറഞ്ഞു, **"ശിശുവിനെ കൊല്ലുവാൻ ശ്രമിച്ചവർ മരിച്ചുപോയി.**." ഹെരോദാവ് മരിച്ചതിനാൽ, അവന് പിന്നെ യേശുവിനെ ഭീഷണിപ്പെടുത്തുവാൻ കഴിയുകയില്ല. "മിസ്രയിമിലേക്ക് മടങ്ങിപ്പോക; നിനക്കു ജീവഹാനി വരുത്തുവാൻ നോക്കിയവരെല്ലാം മരിച്ചു പോയി" എന്നു ദൈവം മോശെയോടു പറഞ്ഞിനോട് അതു ഒക്കുന്നു (പുറ 4:19).

**വാക്യം 21.** മുമ്പുണ്ടായ രണ്ടു സംഭവങ്ങളിലുമെന്ന പോലെ **യോസേഫ്** (1:24, 25; 2:14, 15), ഉടനെ ദൂതന്റെ നിർദ്ദേശപ്രകാരം കുടുംബത്തെയും കൂട്ടി മിസ്രയിം വിട്ടുപോയി.

**വാക്യം 22.** അവർ യിസ്രായേൽ ദേശത്ത് പ്രവേശിച്ചപ്പോൾ, **തന്റെ അപ്പനായ ഹെരോദാവിനു പകരം അർക്കലെയാസ് ആണ് യെഹൂദ്യ വാഴുന്നതെന്ന്** യോസേഫ് കേട്ടു. അർക്കലെയാസ് യെഹൂദന്മാരോട് വാഗ്ദാനം ചെയതിരുന്നുവെങ്കിലും, അധികാരത്തിൽ കയറിയപ്പോൾ, അവൻ തന്റെ അപ്പനെ പോലെ തന്നെ ക്രൂരനായി തീർന്നു. അവന്റെ ഒസ്യത്തിൽ "രാജ" സ്ഥാനം എഴുതി വെച്ചിരുന്നത് അർക്കലെയാസിനായിരുന്നു. എങ്ങനെയായാലും, യെഹൂദന്മാർ ഔഗുസ്തോസ് കൈസരോട് പരാതിപ്പെട്ടപ്പോൾ, അവനെ "പ്രഭു" എന്ന സ്ഥാനത്തേക്ക് മാറ്റി, അതിനർത്ഥം "ജനത്തിന്റെ ഭരണാധികാരി" എന്നാണ്. അവന്റെ അധികാരം, യെഹൂദ്യ, ശമര്യ. ഇദൂര്യ പ്രദേശങ്ങളിലായിരുന്നു - ഏതാണ്ട് അവന്റെ അപ്പന്റെ രാജ്യത്തിന്റെ പകുതിയോളം. ഹെരോദാവിനു ശമര്യക്കാരി ഭാര്യയിലുണ്ടായ മകനും അർക്കലെയോസിന്റെ സഹോദരനുമായ മാൽതേയിസ് ഗലീലിയുടേയും പെറുവിന്റേയും "ഇടപ്രഭുവായിരുന്നു". യെരുശലേമിലെ ക്ലിയോപാട്രയിൽ ഹെരോദാവിനുണ്ടായ മകൻ ഫിലിപ് II ട്രക്കോന്യ, ഇല്ലൂര്യ, ഗൗലാന്യ, ബാറ്റാനീ, ഔറാന്യ എന്നീ പ്രദേശങ്ങളുടെ "ഇടപ്രഭു" ആയിരുന്നു. "ഇടപ്രഭൂ" എന്നാൽ നാലിലൊന്നു ഭരിക്കുന്നവൻ എന്നാണ് അർത്ഥം (ലൂക്കൊ. 3:1 നോക്കുക).[16] "രാജാവ്," "പ്രഭു," "ഇടപ്രഭു" എന്നീ സ്ഥാനങ്ങൾ പ്രാധാന്യമനുസരിച്ചു കുറഞ്ഞു കുറഞ്ഞു വരുന്നതാണ്.

ഹെരോദാവ് ജീവിച്ചിരുന്നപ്പോൾ, റോമൻ അധികാരത്തെ സൂചിപ്പിക്കുന്ന ഒരു ആലങ്കാരിക ചിഹ്നമായി, ദൈവാലയത്തിന്റെ വലിയ വാതിലിന്റെ മുകളിൽ ഒരു വലിയ സ്വർണ്ണ പരുന്ത് ഉയർത്തി നിർത്തുവാൻ കൽപന പുറപ്പെടുവിക്കയുണ്ടായി. യെഹൂദന്മാരുടെ രണ്ട് പ്രധാന റബ്ബിമാരായ ജൂഡാസും മഥിയാസും അവരുടെ വിദ്യാർത്ഥികളോട് ആ പരുന്തിനെ തകർത്തുകളയുവാൻ ആവശ്യപ്പെട്ടു. അവരിൽ ചിലർ ദൈവാലയത്തിനു മുകളിൽ കയറി ആ പരുന്തിനെ നീക്കി നശിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ ആ വിദ്യാർത്ഥികളെ തടവിലാക്കി, നിസാര ദണ്ഡനത്തിനു വിധിച്ചു, പക്ഷെ ആ റബ്ബിമാരെ രണ്ടിനേയും ജീവനോടെ ദഹിപ്പിച്ചുകളഞ്ഞു.[17] ആദരിക്കപ്പെട്ട ആ രണ്ട് റബ്ബിമാരുടെയും മരണം നിമിത്തം മഹാനായ ഹെരോദാവ് മരിച്ചശേഷമുള്ള പെസഹക്കിടയിൽ യഹൂദന്മാരുടെ ഇടയിൽ ഒരു ലഹള പൊട്ടിപ്പുറപ്പെട്ടു. ആ ലഹള ശമിപ്പിക്കുവാൻ അർക്കലെയാസ് കഠിനമായി അടിച്ചൊതുക്കി, ആ ശ്രമത്തിൽ മൂവായിരം യെഹൂദന്മാർ കൊല്ലപ്പെട്ടു.[18] കൂടാതെ വേറെയും അക്രമങ്ങൾ നടന്നപ്പോൾ

അവർ ഔഗുസ്തോസ് കൈസരോട് പരാതിപ്പെട്ടു. അവസാനം, അർക്കലെയാസിനെ ഗൗളിലെ വിയെന്നെയിലേക്ക് മാറ്റി. അവിടെ വെച്ച് അയാൾ എ.ഡി. 6-ൽ മരിച്ചു.[19] അവന്റെ മരണത്തെ തുടർന്ന് അവൻ ഭരിച്ച പ്രദേശങ്ങൾ റോമൻ ഭരണമുള്ള നാടുവാഴി പ്രദേശങ്ങളായി, കുറ്യാനോസ്, കാപൊനിയസ്, ആമ്പിവിയസ്, ആനിയസ് രൂഫോസ്, വലേരിയസ് ഗ്രേഷിയസ്, ഫേലിക്സ്, ഫെസ്തൊസ് എന്നിവരുടെ കീഴിലായി, എന്നാൽ അവരിലെല്ലാവരിലും വെച്ച് നന്നായി അറിയപ്പെടുന്നവനായിരുന്നു യേശുവിനെ മരണത്തിനു വിധിച്ച പൊന്തിയൊസ് പിലാത്തൊസ് (27:2, 11–26).

അർക്കലെയാസിന്റെ അക്രമത്തെ കുറിച്ച് യോസേഫ് സംശയരഹിതമായി കേട്ടു - ന്യായീകരണത്താൽ - അവൻ ബേത്‌ലഹേമിലേക്കു പോകുവാൻ **ഭയപ്പെട്ടു.** യെഹൂദ്യ വിട്ടുപോകുവാൻ **ദൈവം സ്വപ്നത്തിൽ അവന് മുന്നറിയിപ്പു നൽകി**. ആ സമയത്ത് അവനോട് **ഗലീലിക്കു** പോകുവാൻ പറഞ്ഞു, അവിടെ അന്തിപ്പാസ് ആയിരുന്നു ഭരിച്ചിരുന്നത്. അവൻ മഹാനായ ഹെരോദാവിന്റെ മകനായിരുന്നുവെങ്കിലും, സമാധാനപ്രിയൻ ആയിരുന്നു. അന്തിപ്പാസിനെ കുറിച്ച് ബോൾസ് പറഞ്ഞു,

> അവൻ തന്റെ സഹോദരനായ അർക്കലെയാസിൽ നിന്നും വ്യത്യസ്തനായ മനുഷ്യനായിരുന്നു, ഹെരോദാവ് അന്തിപ്പാസും അർക്കലെയാസും തമ്മിൽ ആ സമയത്ത് ശത്രുതയിലായിരുന്നു; അത് യോസേഫിനും കുടുംബത്തിനും അനുകൂല സാഹചര്യമൊരുക്കി.[20]

പാലസ്തീന്റെ വടക്കു കിഴക്കു ഭാഗമായിരുന്നു ഗലീലി. വിദ്യാഭ്യാസത്തിനു പറ്റിയ മേഖല ആയിരുന്നില്ല അത്. എന്നാൽ പ്രകൃതി വിഭവങ്ങൾ നിമിത്തം മുക്കുവർക്കും വ്യാപാരികൾക്കും പറ്റിയതായിരുന്നു. അതിലുപരിയായി, ജാതികളാൽ നിബിഡമായിരുന്നു (4:15). അറിയപ്പെട്ട റബ്ബിമാരെ പിൻപറ്റിയവരായിരുന്നു അവിടത്തെ യഹൂദന്മാർ. അതുകൊണ്ട് അവരുടെ നയിക്കൽ പിൻപറ്റിയ ആളുകൾ വേറെയുമുണ്ടായിരുന്നു (യോഹ. 7:52; പ്രവൃത്തികൾ 2:7; 4:13). ജോസെഫസ് പറഞ്ഞതനുസരിച്ച്, ഗലീലിയിൽ 240 ടൗണുകളും ഗ്രാമങ്ങളും ഉണ്ടായിരുന്നു, ഓരോന്നിലും പതിനയ്യായിരം സ്ഥലവാസികളുണ്ടായിരുന്നു.[21]

**വാക്യം 23.** യോസേഫ് **നസറേത്തിൽ** താമസമാക്കി, അത് ഒരുപക്ഷെ മറിയയുടേയും യോസേഫിന്റേയും മാതൃദേശമായിരിക്കാം (ലൂക്കൊ. 2:4 നോക്കുക). **"അവൻ നസറായൻ എന്നു വിളിക്കപ്പെടുവാൻ" പ്രവാചകന്മാർ പ്രവചിച്ചത് നിറവേറുന്നതിനായിരുന്നു അത്**. "പ്രവാചകൻ" എന്ന ഏകവചനത്തിനു പകരം "പ്രവാചകന്മാർ" എന്ന ബഹുവചനമായിരുന്നു മത്തായി ഉപയോഗിച്ചത്. പ്രത്യേക പഴയനിയമ പ്രവചനം അതിനെ സംബന്ധിച്ച് ഇല്ല, അതിന്റെ കൃത്യമായ ഉറവിടവും അറിയില്ല. ആ പ്രവചനത്തിന്റെ ആരംഭത്തിന് ചുരുങ്ങിയത് മൂന്നു വിശദീകരണങ്ങളാണ് ഉള്ളത്.

ഒന്നാമത്, "നസറായൻ" എന്ന വാക്ക് നാസീർ വ്രതത്തിൽ നിന്നു വന്നതാണ് (സംഖ്യാ. 6; ന്യായാ. 13:5–7). എങ്ങനെയായാലും, യേശു ദൈവത്തിനു വിശുദ്ധനാകയാൽ, അവൻ നാസീർവ്രതക്കാരനായിരുന്നില്ല. അവൻ "തിന്നും കുടിച്ചുമായിരുന്നു" വന്നത് (11:18, 19) മരിച്ചവരെ സ്പർശിപ്പാനും അവൻ മടിച്ചിരുന്നില്ല (മർക്കൊ. 5:35, 41: ലൂക്കൊ. 7:14). കൂടാതെ, യേശു തന്റെ മുടി

നീട്ടി വളർത്തിയതിനും തെളിവില്ല.

രണ്ടാമത്, യെശയ്യാവ് 11:1-ൽ പറയുന്ന യിശ്ശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടി വരും എന്നു പറയുന്നതുപോലെയാണ് "നസ്രീൻ" എന്ന പ്രയോഗമെന്നാണ് വേറെ ചിലർ പറയുന്നത്. എബ്രായവാക്ക് (*നെറ്റ്സർ*) "നസ്രീൻ" എന്ന വാക്ക് പോലെയാണ്, അർത്ഥം, "മുള," അല്ലെങ്കിൽ "കൊമ്പ്." അത് വാക്കുകൾ കൊണ്ട് പന്താടുകയാണെങ്കിൽ, ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളും യേശു ദാവീദിന്റെ പിൻഗാമിയാണ് എന്നു സൂചിപ്പിക്കുകയാണ് ചെയ്യുന്നത് (1:1; 2:23).

മൂന്നാമത്, യേശു മനുഷ്യരാൽ നിന്ദിക്കപ്പെട്ടും അടിക്കപ്പെട്ടുമിരിക്കും എന്ന് പറഞ്ഞതിനെ ലേഖകൻ സംയോജിപ്പിച്ചു പറയുന്നതാകാം (സങ്കീ. 22:69; യെശ. 49:7; 53:2, 3, 8; ദാനി. 9:26). നിന്ദിക്കപ്പെട്ട പട്ടണമായ നസറേത്തിൽനിന്നുള്ളവനായിരുന്നു യേശു (യോഹ. 1:45, 46), അവൻ തീർച്ചയായും മനുഷ്യരാൽ ത്യജിക്കപ്പെടുകയും ചെയ്തു (12:24; 27:21-23, 63; ലൂക്കൊ. 23:11; യോഹ. 1:11; 5:18; 6:66; 9:22).

അവസാനത്തെ വിവരണത്തിനാണ് കൂടുതൽ സാധ്യത. മറ്റു പ്രവചന നിറവേറൽ ഫോർമുല മത്തായി ഉപയോഗിച്ചതിൽനിന്നു വ്യത്യസ്തമായാണ് 2:23-ൽ ക്രിയ കൂടാതെ (*ലെഗോമാറ്റോസ്*) യാണ് "പറയുന്നു" എന്നു ഏഎസ്‌വിയിൽ തർജിമ ചെയ്തത് (എന്നാൽ എൻഏഎസ്ബിയിൽ അത് തർജിമ ചെയ്യാതെ വിട്ടിരിക്കുന്നു). ആ വിട്ടുകളയലിനെയും "പ്രവാചകന്മാർ" എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നതിനെയും കുറിച്ച് ആർ. ടി. ഫ്രാൻസ് പറഞ്ഞു,

> അവിടെ പറയുന്ന ["അവൻ നസറായൻ എന്നു വിളിക്കപ്പെടും"] എന്ന പ്രയോഗം പ്രത്യേകമായ പഴയനിയമ ഉദ്ധരണിയല്ല, മറിച്ച് പ്രവചന വിവരണങ്ങളുടെ ചുരുക്കമാണ്. അതുകൊണ്ട് എളിമയുള്ള ത്യജിക്കപ്പെട്ട മശിഹ അറിയപ്പെടാത്ത നസറേത്തിൽനിന്നുള്ളവനായിട്ടാണ് മത്തായി കാണുന്നത്.[22]

ജാക്ക് പി. ലൂയിസ് എഴുതി, "ആ ഉദ്ധരണിയുടെ പശ്ചാത്തലം എന്തു തന്നെയായിരുന്നാലും ["നസറായൻ"] എന്നതു പുതിയ നിയമത്തിൽ അർത്ഥമാക്കുന്നത് 'നസറേത്തിൽനിന്നുള്ളവൻ എന്നായിരിക്കും.' "[23] ക്രിസ്തുവിന്റെ ജനനമായ ബേത്‌ലഹേമിൽനിന്നാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത് (2:1), അവസാനിക്കുന്നത് അവന്റെ മാതൃദേശമായ നസറേത്തിലുമാണ് (2:23). പഴയനിയമ പ്രവചനങ്ങളനുസരിച്ചായിരുന്നു യേശു ജനിച്ചതും വളർന്നതും എന്ന് അത് വ്യക്തമാക്കുന്നു.

## പാഠങ്ങൾ

### അതു ക്രിസ്തുമസ് ദിനത്തിനു ശേഷമുള്ള ദിനമായിരുന്നു (2:13-18)

വർഷത്തിൽ ക്രിസ്തുമസ് വളരെ മനോഹരമായ ഒരു സീസൺ തന്നെയാണ്. ആ സമയത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പല രീതിയിലുള്ള ആഘോഷങ്ങൾ നടന്നിരുന്നു. ഭൂമിയിലെ മനുഷ്യർക്ക് നന്മ, സന്തോഷം, സമാധാനം ഉണ്ടാകുവാൻ ശ്രദ്ധിച്ചിരുന്നു. ആളുകൾക്ക് ഔദാര്യ മനോഭാവം ഉണ്ടായിരുന്നു.

ക്രിസ്തുമസ് ദിവസത്തിന്റെ പിറ്റേ ദിവസം നിങ്ങളുടെ വീട്ടിൽ എന്തായിരിക്കും? ശൂന്യമാക്കപ്പെട്ട പെട്ടികളും, പൊതികൾ അഴിച്ച കടലാസുകളും മറ്റും ചിതറിക്കിടക്കുന്നുണ്ടാകാം. പാഴ്വസ്തുക്കൾ ശ്രദ്ധിക്കാതെ അങ്ങുമിങ്ങും കിടക്കുകയായിരിക്കാം. മുൻകോപമുള്ള ആളുകൾ പോലും നീണ്ട ക്യൂവിൽ അക്ഷമരായി നിന്നു ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതു കാണാം. അങ്ങനെയുള്ള ക്രിസ്തുമസ് ദിനത്തിലെ മനോഭാവം നാം വർഷം മുഴുവൻ നിലനിർത്തിയാൽ എന്തായിരിക്കും സ്ഥിതി?

വാസ്തവത്തിൽ ഡിസംബർ 25 അല്ല ക്രിസ്തുവിന്റെ ജന്മദിനമെങ്കിലും, ധാരാളം ആളുകൾ അന്നു ആഘോഷിക്കുന്നു. ആ സീസണിൽ ആളുകളുടെ ശ്രദ്ധയെ നാം പ്രയോജനപ്പെടുത്തണം. സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളെ എടുത്തു നമുക്ക് അവന്റെ ജനനത്തെ ചർച്ച ചെയ്യാം. അവൻ ജനിച്ചതിനു ശേഷമുള്ള ദിവസത്തിൽ (ദിവസങ്ങളിൽ) സംഭവിച്ചതിനെകുറിച്ച് നാം എപ്പോഴെങ്കിലും നിന്നു ചിന്തിച്ചിട്ടുണ്ടോ? യേശു ജനിച്ചതിനു ശേഷമുള്ള ദിവസങ്ങളിൽ സംഭവിച്ചതിനെ കുറിച്ച് നമുക്ക് ഓർത്തു നോക്കാം. ക്രിസ്തുവിന്റെ ജനനത്തെ കുറിച്ചുള്ള സന്തോഷം നമുക്ക് വർഷം മുഴുവൻ ആഘോഷിക്കാം.

**അമ്മയപ്പന്മാരുടെ പ്രത്യേക പങ്ക് (2:13-15, 19-23)**

തങ്ങളുടെ വളർന്നു വരുന്ന മകന്റെ സുരക്ഷിതത്വത്തിന്റെ പങ്കായിരുന്നു യോസേഫും മറിയയും വഹിച്ചത്. മെക്കാർവേ എഴുതി,

> എല്ലാ തടസങ്ങളെയും തരണം ചെയ്ത് കുട്ടിയെ സംരക്ഷിച്ചു വളർത്തുക എന്നതായിരുന്നു അവരെ ദൈവം ഏൽപിച്ച ജോലി, അത് വിശ്വസ്തതയോടെ സ്വർഗീയാശ്രയത്താൽ അവർ അത് നിറവേറ്റി. എങ്ങനെയായാലും, യോസേഫും മറിയയും മാത്രമായിരുന്നില്ല മക്കളെ ദൈവേഷ്ടപ്രകാരം വളർത്തിക്കൊണ്ടുവന്ന അമ്മയപ്പന്മാർ; പലപ്പോഴും അത് ഒരു വലിയ വെല്ലുവിളി തന്നെയായിരുന്നു ഏക മകനെ ശരിയായി വളർത്തുക എന്നത്.[24]

ശക്തരായ മക്കളെ വളർത്തിക്കൊണ്ടുവന്ന ദൈവഭക്തരായ മാതാപിതാക്കൾ വേറെയുമുണ്ടായിരുന്നു (1) മോശെയെയും, അഹരോനെയും, മിര്യാമിനേയും വളർത്തിക്കൊണ്ടുവന്ന മാതാപിതാക്കളായിരുന്നു അംരാമും യോഖാബേദും (പുറ. 2:1–10; സംഖ്യ. 26:59); (2) ശമുവേലിനെ വളർത്തിയ എൽക്കാനയും ഹന്നയും (1 ശമു. 1:1–2:11); (3) യോഹന്നാൻ സ്നാപകനെ വളർത്തിയ മാതാപിതാക്കളായിരുന്നു സെഖര്യാവും എലിശബെത്തും (ലൂക്കൊ. 1); (4) തിമൊഥെയൊസിനെ വളർത്തിക്കൊണ്ടുവന്നവരായിരുന്നു അവന്റെ അമ്മ ലോവിസും വെല്ല്യമ്മ യുനീക്കയും (2 തിമൊ. 1:5; പ്രവൃത്തി. 16:1–3).

ക്രിസ്തീയ മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്തമാണ് മക്കളെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തുക എന്നത് (എഫെ. 6:4; തിത്തൊ. 2:4). ഭൗതികവും ആത്മികവുമായ ഉപദ്രവങ്ങളിൽനിന്നു കുട്ടികളെ സംരക്ഷിക്കണം. അവരുടെ ശരിയായ പോഷണത്തിന്, പരിശീലനവും, പ്രോൽസാഹനവും, അച്ചടക്കവും ആവശ്യമാണ്. വാമൊഴിയായും, മാതൃകയായും അവരെ ദൈവത്തിന്റെ സത്യം പഠിപ്പിക്കണം. കുട്ടികളെ

വിശ്വാസമുള്ളവരായി ദൈവരാജ്യത്തിൽ സേവനം നടത്തുവാൻ വളർത്തുന്നതാണ് വലിയ നേട്ടവും അനുഗ്രഹവും.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]ഫിലോ *ഫ്ളാക്കസ്*, 6 [2]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1992), 43. [3]ജെ. ഡബ്ലിയു. മെക്കാർവേ, *ദ ന്യു ടെസ്റ്റമെന്റ് കമെന്ററി, വാല്യം.1, മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 29. [4]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33ഏ (ഡള്ളാസ്,: വേർഡ് ബുക്ക്സ്, 1993), 36. [5]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു* ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 15–16. [6]ആ സംഭവങ്ങൾ തമ്മിലുള്ള കൂടുതൽ സമാനതകൾക്ക് നോക്കുക, ഹാഗ്നെർ 34. [7]മെക്കാർവേ, 29. [8]ഹാഗ്നെർ, 37. [9]പകരം ചില പണ്ഡിതന്മാർ യിരെമ്യാവ് 31:15 മായി ബന്ധപ്പെടുത്തി വടക്കെ രാജ്യത്തിലെ ഗോത്രങ്ങൾ ബി. സി. 722-ൽ പ്രവാസികളായി അശൂര്യയിലേക്ക് പോയതായി പറയുന്നു. യോസേഫിന്റെ അമ്മ റാഹേലായിരുന്നു. അവന്റെ രണ്ടു പ്രമുഖ പുത്രന്മാരായ എഫ്രയിം, മനെശ്ശേ പിന്നീട് പ്രബല ഗോത്രങ്ങളായി തീരുന്നു. ആ പ്രവചനത്തിന്റെ ചുറ്റുമായി "എഫ്രയിം" വരുന്നുണ്ട് (യിരെ. 31:18, 20). [10]ജെയിംസ് ഈ. സ്മിത്ത്, *ജെരെമ്യാ ആന്റ് ലെമന്റേഷൻസ്,* ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ മോ: കോളേജ് പ്രസ്, 1972), 522.

[11]ഹെയർ, 16. [12]എച്ച്. ലിയോ ബോൾസ്, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (നാഷ്വിലേ, ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 58. [13]ജോസെഫസ് *ആന്റികിറ്റിസ്,* 17.6.5. [14]ഇബിഡ്., 17.6.5; 17.8.2; 17.7.1. [15]ഇബിഡ്., 17.8.3. [16]ഇബിഡ്., 17.11.4. [17]ഇബിഡ്., 17.6.2–4. [18]ഇബിഡ്., 17.9.3. [19]ഇബിഡ്., 17.13.2. [20]ബോൾസ്, 61.

[21]ജോസെഫസ് *ലൈഫ്* 45; *വാർ* 3.3.2. [22]ആർ. ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 88–89. [23]ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 52. അവൻ പറഞ്ഞു മത്താ. 2:23; 21:11; 26:71; ലൂക്കൊ. 18:37; യോഹ. 1:45, 46; 18:5, 7; 19:19; പ്രവൃത്തി. 10:38; 24:5. [24]മെക്ഗാർവേ, 29.